# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
**ചോദ്യം നമ്പർ 2158** 22.01.2014-ലെ മറുപടിക്ക്

**തടവുകാരുടെ ആശയവിനിമയ സൗകര്യം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.റ്റി.എ. റഹീം | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| ജയിലിൽ പാർപ്പിച്ചിരിക്കുന്ന തടവുകാർക്ക് പുറത്തേയ്ക്ക് കത്ത് എഴുതുവാനും ഫോൺ ചെയ്യുവാനും അനുവാദമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ജയിലിൽ പാർപ്പിച്ചിരിക്കുന്ന തടവുകാർക്ക് പുറത്തേയ്ക്ക് കത്തെഴുതുവാനും ഫോൺ ചെയ്യുവാനും അനുവാദമുണ്ട്. ഫോൺ ചെയ്യുന്നതിനായി കോയിൻ ബോക്സ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ശിക്ഷാ തടവുകാർക്ക് പരമാവധി 150 രൂപ വരെയും വിചാരണ തടവുകാർക്ക് 100 രൂപവരെയും ഓരോ മാസവും നിബന്ധനകൾക്ക് വിധേയമായി ഫോൺ വിളിക്കുന്നതിന് അനുവാദമുണ്ട്. കത്തിന്റെ കാര്യത്തിൽ ആഴ്ചയിൽ രണ്ട് കത്ത് വരെ അയയ്ക്കുന്നതിന് അനുവദിക്കാമെന്നും എന്നാൽ അടിയന്തിരഘട്ടങ്ങളിൽ സൂപ്രണ്ടിന് രണ്ടിൽ കൂടുതൽ കത്തുകൾ അയയ്ക്കുന്നതിന് അനുവാദം നൽകാവുന്നതാണെന്നും ചട്ടങ്ങളിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ